# വഴിമദ്ധ്യേ തളരാൻ അനുവദിക്കാത്ത ദൈവം

## മർക്കൊസ് 8:3

**"ഞാൻ അവരെ പട്ടിണിയായി വീട്ടിലേക്കു അയച്ചാൽ അവർ വഴിയിൽ വെച്ചു തളർന്നു പോകും; അവരിൽ ചിലർ ദൂരത്തുനിന്നു വന്നവരല്ലോ."**

ഏഴപ്പവും കുറെ ചെറുമീനും കൊണ്ട് നാലായിരം പേർ ഭക്ഷിച്ച് ഏഴു വട്ടി അധികം വന്ന അത്ഭുതം യേശു ചെയ്യുന്നതാണ് ഈ വാക്യങ്ങളിൽ വായിക്കുന്നത്. ഈ ചിന്തയുടെ ശീർഷകവും, മേൽ വായിച്ച വാക്യവും പറയുന്നതു പോലെ നമ്മുടെ ദൈവം നമ്മെ വഴിയിൽ വെച്ച് തളരാൻ അനുവദിക്കുന്ന ദൈവമല്ല. അവൻ നമ്മെ കരം പിടിച്ച് നടത്തുകയും. പരിപാലിക്കുകയും, നമ്മോട് കരുണയും മനസ്സലിവും കാണിക്കുകയും ചെയ്യുന്ന ദൈവമാണ്. വാക്യം 2-ൽ ഇപ്രകാരം വായിക്കുന്നു "ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടുകൂടെ പാർക്കുന്നു; അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു എനിക്കു അവരോടു അലിവു തോന്നുന്നു."

സാധാരണ നാം ചില കാര്യങ്ങൾ ചെയ്യുമ്പോൾ അതിന്നു വേണ്ടി മുൻകൂർ ഒരുക്കങ്ങൾ നടത്തുകയും ആസൂത്രണം ചെയ്കയും അതിനനുസരിച്ചു കാര്യങ്ങൾ പോകുന്നുണ്ടോ എന്നു പരിശോധിക്കുകയും ചെയ്യും. ഇവിടെ മൂന്നു ദിവസമായി യേശു ആയിരുന്ന സ്ഥലത്ത് പാർത്ത് ദൈവവചനം കേട്ടു കൊണ്ടിരുന്ന ജനസമൂഹത്തെ നാം കാണുന്നു. യോഗം വളരെ അനുഗ്രഹമായതിനാലാണു ജനം എഴുന്നേറ്റു മടങ്ങിപ്പോകാതിരുന്നത്. എങ്കിലും കൃത്യമായ ആസൂത്രണമില്ലാതെ സങ്കടിപ്പിച്ച ഒരു യോഗമായിരുന്നു അത് എന്ന് ഈ അദ്ധ്യായത്തിന്റെ തുടക്കം മുതൽ നമുക്ക് വളരെ എളുപ്പം മനസ്സിലാക്കൻ കഴിയും. എന്നാൽ തുടർന്നു വായിക്കുമ്പോൾ, നമ്മുടെ പദ്ധതികളും കണക്കു കൂട്ടലുകളും തെറ്റുന്നിടത്താണ് ദൈവത്തിന്റെ അത്ഭുതങ്ങൾ നടക്കുന്നത് എന്നു നമുക്ക് കാണാൻ കഴിയും. ഇവിടെ മൂന്നു ദിവസങ്ങളായപ്പോൾ ആഹാരമില്ലാതെ വിശന്നവരായിരിക്കുന്ന ജനത്തെ ദൂരത്തേക്ക് മടക്കി അയച്ചാൽ അവർ വഴിയിൽ വച്ച് വിശപ്പ് കൊണ്ട് തളർന്നു വീഴുമെന്നു പറയുന്നത് ശിഷ്യന്മാരോ അല്ലെങ്കിൽ അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിലെ തലമുതിർന്നവരോ അല്ല, യേശു തന്നെയാണ്.

തന്നോടൊപ്പം ചേർന്നിരിക്കുന്നവരെ നന്നായി അറിയുന്ന ഒരു ദൈവത്തെയാണ് നാം ഇവിടെ കാണുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ദൈവസന്നിധിയിൽ ഇരിക്കുന്നതു കൊണ്ട് എന്തെങ്കിലും പ്രയാസമുള്ള കാര്യം നമുക്ക് സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വം അവിടുത്തേക്കാണ്. മറ്റാരും ചിന്തിക്കാത്ത കാര്യം മുൻകൂട്ടി കാണുകയും ജനത്തെ തന്റെ

ദിവ്യശക്തിയാൽ പോഷിപ്പിക്കുകയും ചെയ്യുന്നു യേശുക്രിസ്തു. യേശുവിനോടൊപ്പം നാം ആയിരിക്കുന്നിടത്തോളം ആശങ്കകൾക്ക് അടിസ്ഥാനമില്ല, കൃത്യമായ സമയത്ത് തന്റെ മഹത്വവും ശക്തിയും നാം കാണും. വഴിയിൽ വച്ച് തളർന്ന് പോകാൻ അവിടുന്ന് അനുവദിക്കുകയില്ല. തന്റെ ശക്തി അവിടുന്ന് നമ്മിൽ നിറെയ്ക്കും. ആ ശക്തിയാൽ നിറയാൻ ദൈവത്തോട് ചേർന്നിരിക്കാം, അവന്റെ മൊഴികൾക്ക് കാതോർക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

സങ്കീർത്തനങ്ങൾ 37:23-24

ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു. അവൻ വീണാലും നിലംപരിചാകയില്ല; യഹോവ അവനെ കൈ പിടിച്ചു താങ്ങുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 134